കമ്പ്യൂട്ടർ ഹാർഡ് വെയർ നിക്ഷേപങ്ങൾ

185(2223) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കമ്പ്യൂട്ടർ ഹാർഡ്വെയർ നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആ രംഗത്തെ ലക്ഷ്യവും നേട്ടവും വിശദമാക്കാമോ;

(ബി) കഴിഞ്ഞ അഞ്ച് വർഷംകൊണ്ട് കേരളത്തിൽ നിന്നുള്ള ഐ.ടി. ഉല്പന്നങ്ങളുടെ ഉല്പാദനം എത്ര മാത്രം വർദ്ധിച്ചിട്ടുണ്ട്; കേരളത്തിലേയ്ക്ക് അഞ്ച് വർഷത്തിനുള്ളിൽ കടന്നുവന്ന അന്താരാഷ്ട്ര-ഐ.ടി. സ്ഥാപനങ്ങൾ ഏതെല്ലാമാണ് ; ഈ സ്ഥാപനങ്ങളുടെ വരവിലൂടെ പുതുതായി എത്ര പേർക്ക് തൊഴിൽ ലഭിച്ചു; സ്ഥാപനങ്ങളുടെയടിസ്ഥാനത്തിൽ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഐ.പി.എം.സി. (ഇൻവെസ്റ്റ്മെന്റ് ആൻഡ് പ്രൊമോഷൻ മാനേജ്മെന്റ് സെൽ) എന്ന പദ്ധതിയിലൂടെ ഐ.സി.റ്റി. മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക്/കമ്പനികൾക്ക് 1-12-2005 മുതൽ ആനുകൂല്യങ്ങൾ നൽകിവരുന്നു. പ്രത്യേക സാമ്പത്തിക മേഖലയിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനങ്ങൾ/കമ്പനികൾ ഒഴികെ കേരളത്തിൽ പ്രവർത്തിക്കുന്ന എല്ലാ സ്ഥാപനങ്ങൾക്കും (IT Service/ITES/Software/Hardware units) ഈ ആനുകൂല്യങ്ങൾ ലഭ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടി കമ്പ്യൂട്ടർ ഹാർഡ്വെയറുകൾ നിർമ്മിക്കുന്നവ ഉൾപ്പെടെയുള്ള ഐ.ടി. അധിഷ്ഠിത സ്ഥാപനങ്ങൾക്ക് വേണ്ടി കേരള സ്റ്റേറ്റ് ഐ.ടി. മിഷനിൽ ഒരു പ്രത്യേക ഇൻവെസ്റ്റ്മെന്റ് ആന്റ് പ്രൊമോഷൻ മാനേജ്മെന്റ് സെൽ രൂപീകരിച്ചിട്ടുണ്ട്. ഇതിലൂടെ പ്രധാനമായും സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡിയാണ് നൽകിവരുന്നത്. സ്റ്റാൻഡേർഡ് ഇൻവെസ്റ്റ്മെന്റ് സബ്സിഡി രണ്ടു രീതിയിലാണ് ലഭ്യമാകുന്നത്.

1. തിരുവനന്തപുരം, എറണാകുളം എന്നീ ജില്ലകൾ ആസ്ഥാനമായി പ്രവർത്തിക്കുന്ന കമ്പനികൾക്ക് 15 ലക്ഷം രൂപ വരെ ആനുകൂല്യം നൽകിവരുന്നു. Fixed capital investment-ന്റെ 30% എന്ന നിരക്കിലാണ് ഈ ആനുകൂല്യം നൽകുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

2. മറ്റു ജില്ലകളിൽ പ്രവർത്തിക്കുന്ന കമ്പനികൾക്ക് 25 ലക്ഷം രൂപ അഥവാ ഫിക്സ്ഡ് ക്യാപ്പിറ്റൽ ഇൻവെസ്റ്റ്മെന്റ് 40% എന്ന നിരക്കിലാണ് ആനുകൂല്യം നൽകുന്നത്. അഭ്യസ്തവിദ്യരായ യുവജനങ്ങൾ തൊഴിലന്വേഷകരാകാതെ തൊഴിൽദായകർ ആകുന്നതിനായി പ്രോത്സാഹനം നൽകുന്നതിന് വേണ്ടിയാണ് ഈ പദ്ധതിയിൽ ധനസഹായവും സാങ്കേതികവിദ്യാ വികസന ഫണ്ടും (Technology Development Fund) ഉം ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതിയുടെ വിശദാംശങ്ങൾ പൊതുജനങ്ങൾക്ക് ലഭ്യമാക്കുന്നതിനായി ഐ.റ്റി. മിഷൻ IPMC എന്ന ഒരു പോർട്ടൽ രൂപീകരിച്ചിട്ടുണ്ട്. സംരംഭകർക്ക് ഈ പോർട്ടൽ വഴി രജിസ്ട്രേഷൻ സാധ്യമാകുന്നതാണ്. കൂടാതെ ജില്ലാ വ്യവസായ കേന്ദ്രങ്ങൾ, ടെക്നോപാർക്ക്, തിരുവനന്തപുരം, ഇൻഫോപാർക്ക്, കൊച്ചി, കെ.എസ്.ഐ.ഡി.സി. മുതലായ സ്ഥാപനങ്ങളിലെ തലവന്മാരെ കമ്പ്യൂട്ടർ ഹാർഡ്വെയർ ഉൾപ്പെടെയുള്ള ഐ.ടി. അധിഷ്ഠിത സംരംഭകരെ സഹായിക്കുന്നതിനായി ഐ.പി.എം.സി.-യുടെ കോ-ഓർഡിനേറ്റിംഗ് ഓഫീസർമാരായി (Co-ordinating Officer) ആയി നിയമിച്ചിട്ടുണ്ട്.

(ബി) കേരളത്തിലെ ഐ.ടി. സ്ഥാപനങ്ങളിൽ നിന്നുള്ള ഐ.ടി. ഉൽപ്പന്നങ്ങളുടെ കയറ്റുമതി സംബന്ധിച്ച് സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിൽ നിന്നും സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇന്ത്യ (STPI) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നുമുള്ള വർഷം തിരിച്ചുള്ള കണക്കുകളാണ് സൂക്ഷിച്ചുവരുന്നത്. അവ താഴെചേർക്കുന്നു:

ഐ.ടി. പാർക്കുകളിൽ നിന്നുള്ള കയറ്റുമതി

വർഷം	കയറ്റുമതി തുക(കോടിയിൽ)
2011-12	3267.63
2012-13	5027.00
2013-14	6600.00
2014-15	8250.28

സോഫ്റ്റ്വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇന്ത്യയുടെ (STPI) കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള ഐ.ടി. സ്ഥാപനങ്ങളിൽ നിന്നുള്ള കയറ്റുമതി (STP & Non STP) :

LIBRARY ARCHIVES Kerala Legislative Assembly

വർഷം		കയറ്റുമതി തുക(കോടിയിൽ)
2011-12	-	1982.64
2012-13	-	2240.70
2013-14	-	3665.23
2014-15	-	2867.77

2015-16 സാമ്പത്തിക വർഷത്തെ കയറ്റുമതി സംബന്ധിച്ച കണക്കുകൾ നടപ്പു-സാമ്പത്തികവർഷം അവസാനിച്ചതിനുശേഷം മാത്രമേ ലഭ്യമാവുകയുള്ളൂ. സർക്കാർ നിയന്ത്രണത്തിലുള്ള ഐ.ടി. പാർക്കുകളിലെ കമ്പനികളെല്ലാം തന്നെ ഇന്ത്യൻ കമ്പനീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത ഇന്ത്യൻ കമ്പനികളായി പ്രവർത്തിക്കുന്നവയാണ്. അതിൽ ഭൂരിഭാഗം സ്ഥാപനങ്ങൾക്കും ഇന്ത്യയ്ക്ക് പുറത്ത് സ്വന്തം ഓഫീസുകൾ ഉണ്ട്. അന്താരാഷ്ട്ര സ്ഥാപനങ്ങളെ സംബന്ധിച്ച വേർതിരിച്ചുള്ള കണക്കുകളും അതിലൂടെയുള്ള തൊഴിൽ ലഭ്യതയും സംബന്ധിച്ച വിവരങ്ങൾ പ്രത്യേകമായി സൂക്ഷിച്ചിട്ടില്ല.

സ്മാർട്ട് സിറ്റി പദ്ധതി

186([1] 2224) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീമതി കെ. എസ്. സലീഖ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്മാർട്ട്സിറ്റി പദ്ധതിയിൽ കരാറനുസരിച്ച് നിർമ്മാണ പ്രവർത്തനം പൂർത്തീകരിക്കുന്നതിനും തൊഴിൽ നൽകുന്നതിനും യഥാസമയം സാദ്ധ്യമായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) സ്മാർട്ട്സിറ്റി പദ്ധതി ഇത്തരത്തിൽ ഇഴഞ്ഞുനീങ്ങിയതിന് ആരാണ് ഉത്തരവാദിയെന്ന് സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) സ്മാർട്ട്സിറ്റി പദ്ധതി കരാർ അനുസരിച്ച് പുരോഗതിയിലെത്തിക്കുന്നതിന് സാദ്ധ്യമാകാത്തപ്പോഴും നിർമ്മാണ കമ്പനിക്ക് ലാഭം കൊയ്യുന്നതിന് സാഹചര്യം ഒരുക്കുന്നതിനാലാണ് സർക്കാർ താല്പര്യം കാട്ടിയതെന്ന ആക്ഷേപത്തിൽ നിലപാട് വ്യക്തമാക്കാമോ?

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly